77092/C2/11/TSM.

<u>പതിമൂന്നാം കേരള നിയമസഭ</u>
<u>രണ്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4155

18.10.2011-ൽ മറുപടിയ്ക്ക്

<u>ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാ മാണ്; | എ) | ഉണ്ട്. കേരളത്തെ പ്രഥമമായ വിനോദ സഞ്ചാര മേഖലയായി ഉയർത്തികൊണ്ടു വരുവാൻ വേണ്ടി സംസ്ഥാന വിനോദ സഞ്ചാര ഉപദേശക സമിതി രൂപീകരിക്കുന്നതിനും വിനോദസഞ്ചാര കേന്ദ്രങ്ങൾ, വിനോദ സഞ്ചാര ഉല്പന്നങ്ങൾ എന്നിവയുടെ വികസനം, വിനോദസഞ്ചാര വിപണന നയങ്ങൾ, മാനവശേഷി വികസനം, വിനോദ സഞ്ചാര ഗവേഷണം, എന്നീ മേഖലകളിൽ ടൂറിസം വകുപ്പിന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ ഈ സമിതിയിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ടൂറിസം വ്യവസായത്തിലെ ഓഹരി ഉടമകളെയും, ടൂറിസത്തിലെ വിവിധ ടാസ്ക് ഫോഴ്സിലേയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെയും അംഗങ്ങൾ ആക്കാനും ഉദ്ദേശിക്കുന്നുണ്ട്. |
| ബി) | പ്രസ്തുത മേഖലയ്ക്ക് നിലവിലുള്ള സബ്സിഡി ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | ബി) | ഇല്ല. എന്നാൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി വിതരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുതുക്കുന്നതിന് ഉദ്ദേശമുണ്ട്. |
| സി) | ഉത്തരവാദിത്ത ടൂറിസത്തിന് നിശ്ചിത ശതമാനം സബ്സിഡി ഏർപ്പെടുത്തുമോ; | സി) | ഇത്തരം സംരംഭങ്ങൾക്ക് ആകെ മുതൽ മുടക്കിന്റെ 15 % പരമാവധി 20 ലക്ഷം രൂപാവരെ സബ് സിഡി നൽകുന്നതിനുള്ള ഒരു പദ്ധതി പുതിയ കരട് ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | വൈദ്യുതി, വെള്ളം എന്നിവയുടെ നിരക്കിന് ഇളവ് അനുവദിക്കുമോ? | ഡി) | സർക്കാർ ഉത്തരവുകൾ പ്രകാരം യോഗ്യമായ ടൂറിസം യൂണിറ്റുടമകൾക്ക് വൈദ്യുതി നിരക്കിൽ സബ്സിഡി നൽകി വരുന്നുണ്ട്. എന്നാൽ വെള്ളത്തിന് ഇളവുകളൊന്നും വകുപ്പ് നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ